## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **05.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2429**

### വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു.<br>വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലീയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലീയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിൻറെ പ്രധാനപ്പെട്ട സവിശേഷതകൾ.<br>വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് DIC മുഖേന വ്യവസായ |

| | | | |
|---|---|---|---|
| | | | പ്രദേശം/ പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം വിലയുടെ പലിശ ധനസഹായം, വ്യവസായ എസ്റ്റേറ്റുകളിലെ ബഹുനില കെട്ടിട സമുച്ചയങ്ങൾ (ഗാലകൾ), സംരഭക സഹായ പദ്ധതി, ബിസിനസ്സ് ഇൻകൃബേഷൻ സെന്ററുകൾ, സംരംഭകത്വ പരിശീലന പദ്ധതി, സംരംഭകത്വ ബോധവൽക്കരണ പദ്ധതി, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>KSIDC യുടെയും KINFRA യുടെയും അധീനതയിലുള്ള വ്യവസായ വളർച്ച കേന്ദ്രങ്ങളിലും, പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ പുതിയ വ്യവസായനയം അനുസരിച്ച് പുതിയ വ്യവസായമേഖലകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ് കിൻഫ്ര വ്യവസായ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കണ്ണൂരിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു. |
| (സി) | പുതിയതായി വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | | |
| (ഡി) | പുതുതായി വ്യവസായ മേഖല സ്ഥാപിക്കുന്നതിന് എത്ര ഭൂമിയാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. വ്യവസായങ്ങൾക്കായി പുതിയ സ്ഥലം കണ്ടെത്താനുള്ള ശ്രമം തുടരുന്നതോടൊപ്പം ബഹുനില സമുച്ചയങ്ങൾ നിർമ്മിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ